**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7416** **17.7.2012-ൽ മറുപടിക്ക്**

**അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക്**

**ചോദ്യം**

ശ്രീ. ജോസ് തെറ്റയിൽ

അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി 11.7.2011-ലെ ട്രാഫിക് അഡ്വൈസറി കമ്മിറ്റി എടുത്തതും ആർ.ടി.ഒ. അംഗീകരിച്ചതുമായ തീരുമാനങ്ങൾ നടപ്പിലാക്കാത്ത വകുപ്പുകൾക്കെതിരെ നഗരസഭ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)

11/7/2011ൽ കൂടിയ ട്രാഫിക് അഡ്വൈസറി എക്സിക്യൂട്ടീവ് കമ്മിറ്റി എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസിനും അങ്കമാലി ജോയിന്റ് ആർ.റ്റി.ഒ.യ്ക്കും മുനിസിപ്പാലിറ്റിയിൽ നിന്നും അയച്ചുകൊടുത്തിട്ടുള്ളതാണ്. 15/9/2011-ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മറ്റുമായി യോഗം ചേർന്നിട്ടുള്ളതും, ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കാമെന്ന് ജോയിന്റ് ആർ.റ്റി.ഒ.യും, സർക്കിൾ ഇൻസ്പെക്ടറും ഉറപ്പു നൽകിയിട്ടുള്ളതുമാണ്. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പാർക്കിംഗ്, വൺവേ സമ്പ്രദായം, നോ പാർക്കിംഗ് എന്നിവ സൂചിപ്പിക്കുന്ന ബോർഡുകൾ നഗരസഭ സ്ഥാപിക്കുകയും, ഗതാഗതത്തിന് തടസ്സമാകുന്ന പരസ്യബോർഡുകൾ നഗരസഭ നീക്കം ചെയ്തിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ